നം. ഐസിഡിഎസ്/എ6-6874/2020

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി: 17.12.2021
ഇ-മെയിൽdirectorate.wcd@kerala.gov
ഫോൺ നം.0471-2346534

വനിത ശിശുവികസന ഡയറക്ടർ

എല്ലാ ജില്ല വനിത ശിശുവികസന ഓഫീസർമാർക്കും
എല്ലാ ജില്ല ശിശു സംരക്ഷണ ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ

വിഷയം:-വനിത ശിശുവികസന വകുപ്പ്-സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി- സ്കൂൾ കൗൺസിലർമാരുടെ കരാർപുതുക്കുന്നത് സംബന്ധിച്ച്

സൂചന:-1)സ.ഉ(അച്ചടി) നം.81/2019 തീയതി:09.07.2019
2) വനിത ശിശുവികസന ഡയറക്ടറുടെ 30.04.2021 ലെ നം. ഐസിഡിഎസ്/എ6-6874/2020
3)സ.ഉ(സാ.ധാ)നം.16/2021 തീയതി:-06.09.2021
4)വനിത ശിശുവികസന ഡയറക്ടറുടെ 08.09.2021 തീയതിയിലെ ഐസിഡിഎസ്/എ6-6874/2020 ഉത്തരവ്
5) വനിത ശിശുവികസന ഡയറക്ടറുടെ 12.10.2021 തീയതിയിലെ ഐസിഡിഎസ്/എ6-6874/2020 ഉത്തരവ്
6) വനിത ശിശുവികസന ഡയറക്ടറുടെ 08.09.2021 തീയതിയിലെ ഇതേ നം കത്ത്
7) വനിത ശിശുവികസന ഡയറക്ടറുടെ 13.10.2021 തീയതിയിലെ ഇതേ നം കത്ത്

സൂചന (1) ഉത്തരവ് പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള നിയമനം ഒരു വർഷത്തേയ്ക്ക് മാത്രം പരിമിതിപ്പെടുത്താവുന്നതും, വകുപ്പ് മേധാവിയ്ക്ക് ബോധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേയ്ക്ക് കൂടി സേവനം ദീർഘിപ്പിച്ച് നൽകാവുന്നതും, രണ്ട് വർഷം കാലാവധിയ്ക്ക് ശേഷം ആവശ്യകതയുടെ

അടിസ്ഥാനത്തിൽ, സർക്കാർ അനുമതിയോടെ മാത്രമെ കരാർ പുതുക്കാവൂ എന്നും സൂചന(1) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

സ്കൂൾ കൗൺസിലർമാരുടെ കരാർ പുതുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (2) പ്രകാരം നൽകിയിട്ടുണ്ട്. ജില്ലാ വനിത ശിശുവികസന ഓഫീസർമാർ ശുപാർശ ചെയ്ത് ലഭ്യമാക്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ രണ്ട് വർഷത്തിൽ അധികം സേവനം പൂർത്തിയാക്കിയ 712 സ്കൂൾ കൗൺസിലർമാരുടെ കരാർ സൂചന(3) പ്രകാരം സർക്കാരിൽ നിന്നും പുതുക്കിയിട്ടുണ്ട്. ഒരു വർഷം കഴിഞ്ഞ് 2 വർഷം വരെ സേവനം പൂർത്തിയാക്കിയ 139 സ്കൂൾ കൗൺസിലർമാരുടെ കരാർ സൂചന(4) പ്രകാരവും, 30 സ്കൂൾ കൗൺസിലർമാരുടെ കരാർ സൂചന (5) പ്രകാരവും വകുപ്പിൽ നിന്നും പുതുക്കി നൽകിയിട്ടുണ്ട്. തുടർന്ന് സൂചന(4),(5) പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെട്ട 31.03.2022 ന് മുൻപ് രണ്ട് വർഷത്തെ സേവനം പൂർത്തിയാക്കിയ 147 സ്കൂൾ കൗൺസിലർമാരുടെ കരാർ പുതുക്കുന്നതിനായി സൂചന (6), (7) പ്രകാരം സർക്കാരിലേക്ക് നൽകിയിട്ടുണ്ട്.

സ്കൂൾ കൗൺസിലർമാർ കരാറിൽ ഏർപ്പെട്ട തീയതി കണക്കിലെടുക്കാതെ എല്ലാ കൗൺസിലർമാരുടെയും കരാർ ഓരോ വർഷവും മാർച്ച് 31 ന് ഏകീകരിക്കണമെന്ന് സർക്കാർ നിർദ്ദേശമുണ്ട്. ആയതിനാൽ 31.03.2022 ന് മുൻപായി കരാർ അവസാനിക്കുന്ന എല്ലാവരുടെയും കരാർ 31.03.2022 വരെ പുതുക്കി നൽകേണ്ടതുണ്ട്. സ്കൂൾ കൗൺസിലർമാർ വ്യത്യസ്ത തീയതികളിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളതിനാലും, 31.03.2022ന് മുൻപ് വ്യത്യസ്ത തീയതികളിൽ കരാർ അവസാനിക്കുന്നതിനാലും കരാർ പുതുക്കുന്നതിനായി കൗൺസിലർമാരുടെ ലിസ്റ്റ് പല തവണ സർക്കാരിലേക്ക് സമർപ്പിക്കേണ്ടുന്ന സാഹചര്യവും നിലനിൽക്കുന്നുണ്ട് .

മേൽ സാഹചര്യത്തിൽ 31.03.2022 ന് മുൻപ് കരാർ അവസാനിക്കുന്ന എല്ലാ സ്കൂൾ കൗൺസിലർമാരുടെയും Self Appraisal പരിശോധിച്ച് ജില്ലാതല

സമിതിയുടെ ശുപാർശ സഹിതമുള്ള മീറ്റിംഗ് മിനിറ്റ്സ് ജില്ലാ വനിത ശിശു വികസന ആഫീസർമാർ ഈ കാര്യലയത്തിൽ ലഭ്യമാക്കേണ്ടതാണ്. അതോടൊപ്പം ഒരു വർഷത്തെ സേവനം പൂർത്തിയാക്കിയവരുടെ വിവരങ്ങൾ പ്രൊഫോർമ-1 ലും, രണ്ട് വർഷവും അതിലധികവും സേവനം പൂർത്തിയാക്കവരുടെ വിവരങ്ങൾ പ്രൊഫോർമ-2 ലും രേഖപ്പെടുത്തി 2 എണ്ണം വീതം ഹാർഡ് കോപ്പിയും, ആയതിൻറെ സോഫ്റ്റ് കോപ്പിയും (എക്സൽ ഷീറ്റിൽ) ചുവടെ ചേർത്തിരിക്കുന്ന മാതൃകയിൽ കമ്മറ്റി മിനിറ്റ്സ് സഹിതം 31.12.2021 ന മുൻപായി icdsasection@gmail.com എന്ന വിലാസത്തിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**പ്രൊഫോർമ-1**

**31.03.2022 ന് മുൻപ് കരാർ അവസാനിക്കുന്ന 1 വർഷം കഴിഞ്ഞ് 2 വർഷം വരെ സേവനം പൂർത്തിയാക്കിയവരുടെ ലിസ്റ്റ്**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| കൗൺസിലറുടെ പേര് | സ്കൂളിന്റെ പേര് | ജോലിയിൽ പ്രവേശിച്ച തീയതി | പൂർത്തിയാക്കിയ സേവന കാലയളവ് (എത്ര വർഷം, എത്ര മാസം) | കരാർ പൂർത്തിയാക്കിയ തീയതി | ഏത് തീയതി മുതൽ കരാർ പുതുക്കി നൽകണം | ജില്ലാ ഓഫീസർ ചെയർ പേഴ്സണായ സമിതിയുടെ ശുപാർശ (ചെയ്യുന്നു/ ഇല്ല) | അഭിപ്രായം |

പ്രൊഫോർമ-2

**31.03.2022 ന് മുൻപ് കരാർ അവസാനിക്കുന്ന 2 വർഷത്തിലധികം സേവനം പൂർത്തിയാക്കിയവരുടെ ലിസ്റ്റ്**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| കൗൺസിലറുടെ പേര് | സ്കൂളിന്റെ പേര് | ജോലിയിൽ പ്രവേശിച്ച തീയതി | പൂർത്തിയാക്കിയ സേവന കാലയളവ്. (എത്ര വർഷം, എത്ര മാസം) | കരാർ പൂർത്തിയാക്കിയ തീയതി | ഏത് തീയതി മുതൽ കരാർ പുതുക്കി നൽകണം | ജില്ലാ ഓഫീസർ ചെയർ പേഴ്സണായ സമിതിയുടെ ശുപാർശ (ചെയ്യുന്നു/ഇല്ല) | അഭിപ്രായം |

വിശ്വസ്തതയോടെ

Sende

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി